ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ഇവിടെ നിർദ്ദേശിക്കപ്പെട്ടതുപോലെ തീർത്ഥാടകർ സ്വയം തെരഞ്ഞെടുത്തിട്ടുള്ള നിരവധി സ്ഥലങ്ങളുണ്ട്, അവിടെനിന്നും കാണാനുള്ള ഏർപ്പാടുകളും നടത്തുകയാണ്. ശബരിമല ദുരന്തത്തെത്തുടർന്ന് ചന്ദ്രശേഖര മേനോൻ കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടു കൂടി പരിഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗംചേർന്നിട്ടുണ്ട്, രണ്ടാഴ്ചക്കുള്ളിൽ വീണ്ടും യോഗം ചേർന്ന് ചില കാര്യങ്ങളിൽ കൂടി നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

V സബ്മിഷൻ

1. സ്കോളർഷിപ്പ് തുക

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗുരുതരമായ ഈ പ്രശ്നം വളരെ ഗൗരവമായി കാണണമെന്ന് ആദ്യമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. 2007-08, 2008-09 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം പിന്നോക്ക വിഭാഗത്തിൽപ്പെട്ട നിർദ്ധന വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് എന്ന പേരിൽ സ്കോളർഷിപ്പായി അനുവദിച്ച ഏഴേകാൽ കോടി രൂപ സംസ്ഥാന സർക്കാർ ചെലവാക്കാതെ പാഴാക്കിയിരിക്കുന്നുവെന്ന് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ കണ്ടെത്തിയിരിക്കുകയാണ്. പിന്നോക്കക്കാരോട് താല്പര്യമുള്ള എല്ലാവരേയും അങ്ങയെ അടക്കം ഞെട്ടിച്ചിരിക്കുന്ന ഒരു വസ്തുതയാണിത്. 2007-08 വർഷത്തിൽ അനുവദിച്ച തുകയായ 5.6 കോടി രൂപ യഥാസമയം ചെലവഴിക്കാത്തതിനാൽ തൊട്ടടുത്ത വർഷം സ്കോളർഷിപ്പ് തുക 1.61 കോടി രൂപയായി കുറഞ്ഞു. ഒന്നാം വർഷം യഥാസമയം തുക ചെലവഴിച്ചിരുന്നെങ്കിൽ രണ്ടാം വർഷവും സംസ്ഥാനത്തിന് കുറഞ്ഞത് 5.6 കോടി രൂപയെങ്കിലും ലഭിക്കുമായിരുന്നു. ഇതുംകൂടി കണക്കിലെടുത്താൽ സർക്കാരിന്റെ അനാസ്ഥമൂലം പിന്നോക്ക വിദ്യാർത്ഥികൾക്ക് 11.2 കോടി രൂപയുടെ ആനുകൂല്യമാണ് യഥാർത്ഥത്തിൽ നഷ്ടമായത്. പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികളുടെ പഠനത്തിനായി സംസ്ഥാന സർക്കാരിൽനിന്ന് ഫലവത്തായ സഹായങ്ങളൊന്നുമില്ലാതിരിക്കെ 100 ശതമാനവും കേന്ദ്രം ബാധ്യത വഹിക്കുന്ന ഇത്തരം സ്കോളർഷിപ്പുകൾ അലംഭാവംമൂലം നഷ്ടപ്പെടുത്തുന്നത് പിന്നോക്ക വിഭാഗങ്ങളിലെ നിർദ്ധന വിദ്യാർത്ഥികളോട് കാണിക്കുന്ന കൊടുംക്രൂരതയാണ്. നിരവധിതവണ നിയമസഭാ ചോദ്യങ്ങളിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽ പ്രസ്തുത വിഷയം കൊണ്ടുവന്നിട്ടും ഇങ്ങനെ സംഭവിച്ചത് പിന്നോക്ക വിഭാഗങ്ങളോടുള്ള അവഹേളനമാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അല്പമെങ്കിലും ആത്മാർത്ഥയുണ്ടെങ്കിൽ ഈ നഷ്ടപ്പെട്ട തുക സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് ലഭ്യമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, പിന്നോക്ക വിഭാഗങ്ങളിലെ നിർദ്ധന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ ഫീസ് ആനുകൂല്യം നൽകി വരുന്നുണ്ട്. പ്ലസ് ടൂ വരെ 20,000 രൂപ വരുമാന

LIBRARY ARCHIVES Kerala Legislative Assembly

പരിധിയും ഡിഗ്രി തലം വരെ 25,000 രൂപ വരുമാന പരിധിയും പി.ജി., പോളിടെക്നിക്, പ്രൊഫഷണൽ കോഴ്സുകൾക്ക് 42,000 രൂപ വരുമാന പരിധിയുള്ളവർക്കാണ് ഫീസാനുകൂല്യം നൽകിവരുന്നത്. ഒ.ഇ.സി., ഒ.ബി.സി., എസ്.സി.ബി.സി., സി.ഇ.ബി.സി. എന്നീ വിഭാഗങ്ങളിലായി 70 കോടിയോളം രൂപ ഈ ഇനത്തിൽ ചെലവഴിക്കുന്നതിനുപുറമേ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയിൻകീഴിൽ 2007-08, 2008-09 സാമ്പത്തിക വർഷങ്ങളിൽ 7.22 കോടി രൂപയുൾപ്പെടെ ഈ സാമ്പത്തിക വർഷം ലഭിച്ചതടക്കം 10.8 കോടി രൂപ ഈ ഇനത്തിൽ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. ഈ സ്കോളർഷിപ്പ് തുക ലാപ്സാകുന്ന ഒന്നല്ല. എന്നാൽ എല്ലാ ഒ.ബി.സി. വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിക്കാൻ ഈ തുക പര്യാപ്തമല്ല. സ്കോളർഷിപ്പ് അനുവദിക്കുന്നതിനാവശ്യമായ 80 കോടി രൂപ അനുവദിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. 2009-2010 വർഷത്തിൽ കേവലം 3.9 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് പ്രതിമാസം 90 രൂപ നിരക്കിൽ 10 മാസത്തേക്ക് 900 രൂപ നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുകയും ഇതിനുള്ള ഉത്തരവിറക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഈ പദ്ധതിപ്രകാരം കേന്ദ്ര സഹായമായി ഇതുവരെ ലഭിച്ച 10 കോടി 8 ലക്ഷം രൂപയും ഈ വർഷംതന്നെ ചെലവഴിക്കുന്നതാണ്. ഈ സ്കോളർഷിപ്പ് തുക ലാപ്സായി എന്ന ആക്ഷേപവും വിദ്യാർത്ഥികൾക്ക് ആനുകൂല്യം നഷ്ടമായി എന്ന ആരോപണവും ശരിയല്ല.

2. ട്രെയിൻ യാത്രയിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, കൊച്ചി-ഷൊർണ്ണൂർ പാസഞ്ചർ ട്രെയിനിൽ യാത്ര ചെയ്ത പെൺകുട്ടിക്കുണ്ടായിട്ടുള്ള ദുരന്തം മനസ്സിൽനിന്ന് ഭയവും സങ്കടവും വിട്ടുമാറാത്ത ഒരു അനുഭവമാണ്. സൗമ്യ എന്നുപറയുന്ന പെൺകുട്ടി ഒരു കല്യാണാലോചനയുമായി വീട്ടിൽ പോകുമ്പോൾ ട്രെയിൻ യാത്രക്കിടയിൽ ഒറ്റപ്പെടുകയും ഒറ്റയ്ക്ക് ഒരു കമ്പാർട്ടുമെന്റിൽ യാത്ര ചെയ്യേണ്ടിവന്ന സൗമ്യയെ തമിഴ്നാട് സ്വദേശിയായ ഒറ്റക്കയ്യനായ ഒരു തെമ്മാടി വണ്ടിയിൽനിന്നും തള്ളിത്താഴെയിട്ട് അതിക്രൂരമായി മാനഭംഗപ്പെടുത്തുകയും കൊലപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ആശുപത്രിയിൽചെന്ന് ആ കുട്ടിയെ കാണുകയും ആവശ്യമായിട്ടുള്ള കാര്യങ്ങളെല്ലാം അവിടെ ചെയ്തിട്ടുണ്ട്. ഇതൊരു അനുഭവ പാഠമാക്കിക്കൊണ്ട് ട്രെയിൻ യാത്രയിൽ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതം മനസ്സിലാക്കി കർശനമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകേണ്ടതുണ്ട്. ട്രെയിനിൽ വനിതാ കമ്പാർട്ടുമെന്റ് ഏറ്റവും പുറകിലാണ് അറ്റാച്ച് ചെയ്തിരിക്കുന്നത്. ഞങ്ങൾ വനിതാ സംഘടനകളൊക്കെ നിരവധി തവണ ആവശ്യപ്പെട്ടതിന്റെ ഫലമായി വനിതാ കമ്പാർട്ടുമെന്റ് ട്രെയിനിന്റെ മധ്യഭാഗത്തായി ചേർക്കുന്നതിന് ഒരു ഘട്ടത്തിൽ തയ്യാറായിരുന്നു. എന്നാൽ അത് വീണ്ടും ട്രെയിനിന്റെ പിന്നിലേക്ക് മാറ്റുന്ന

LIBRARY ARCHIVES Kerala Legislative Assembly